കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ ഒരു എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് കീഴിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്.) പ്രവർത്തിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമം, 1989 ചട്ടങ്ങൾ 1995 എന്നീ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷയിൽ കൈപുസ്തകം തയ്യാറാക്കി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിൻ കീഴിൽ വരുന്ന കേസ്സുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ വയനാട്, മഞ്ചേരി, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജില്ലാകോടതികളെ പ്രത്യേകം നോട്ടിഫൈ ചെയ്ത് വിചാരണ ദ്രുതഗതിയിൽ നടത്തുന്നതിനുള്ള സംവിധാനമുണ്ട്.

## പട്ടികജാതി -പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിച്ച സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം

18 (1804) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് വിലക്ക് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമ തടസ്സം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനു എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജന്മാവകാശമായി ലഭിച്ച ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലില്ല. എന്നാൽ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം കൈപ്പറ്റി വാങ്ങിയതോ ആയ ഭൂമി വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുള്ളതും എന്നാൽ ഗുണഭോക്താക്കളുടെ കാലശേഷം പ്രാബല്യത്തിൽ വരത്തക്കവിധം അനന്തരാവകാശികളിൽ ഒരാൾക്ക് കൈമാറാവുന്നതാണെന്ന വ്യവസ്ഥയുള്ളതുമാണ്. പട്ടികവർഗ്ഗക്കാർക്ക് ജന്മാവകാശമായി ലഭിച്ചതോ സർക്കാരിൽ നിന്ന് പട്ടയം ലഭിച്ചതോ ആയ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാരല്ലാത്തവർക്ക് വിൽക്കാൻ പാടില്ലെന്ന നിയമം നിലവിലുണ്ട്. വിലക്കിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി അന്യാധീനപ്പെടുന്നത് തടയുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള മേൽ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ

19 (1805) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾ ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുണ്ടെന്നും എത്ര ജീവനക്കാർ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കാമോ ;

(സി) ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) പട്ടികജാതി വകുപ്പിന് കീഴിൽ മൂവാറ്റുപുഴയിൽ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലും പിന്നോക്ക സമുദായ വകുപ്പിൻ കീഴിലും നിലവിൽ ഹോസ്റ്റലുകൾ ഇല്ല.

(ബി) മൂവാറ്റുപുഴ പ്രീ-മെട്രിക് ഹോസ്റ്റലിൽ (പെൺ) നിലവിൽ 30 കുട്ടികൾ താമസിക്കുന്നുണ്ട്. 5 ജീവനക്കാർ നിലവിലുണ്ട്. ആയതിൽ 4 പേർ സ്ഥിരം ജീവനക്കാരും ഒരാൾ ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

വാർഡൻ - 1 (സ്ഥിരനിയമനമല്ല), കുക്ക് - 2, വാച്ച് വുമൺ - 1, പാർട്ട് ടൈം സ്വീപ്പർ - 1

LIBRARY ARCHIVES Kerala Legislative Assembly